വൈഗൈ ത്രെഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

197 (564) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് വർഷമായി അടച്ചുപൂട്ടിയ കൊരട്ടിയിലെ വൈഗൈ ത്രെഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ന്യായമായ കോമ്പൻസേഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്നതിനുമായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും, കമ്പനി പാട്ടത്തിനെടുത്ത് പ്രവർത്തിച്ചിരുന്നതുമായ സ്ഥലം സർക്കാരിന് തിരികെ ലഭിക്കുന്നതടക്കമുള്ള മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചകളിലെടുത്ത തീരുമാനം നടപ്പാക്കുന്നതിനായി, എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ അവ നീക്കി തൊഴിലാളികൾക്ക് ന്യായമായ നഷ്ടപരിഹാരം അനുവദിക്കുന്നതിനും, ഭൂമി ഏറ്റെടുക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്റ്റാറ്റ്യൂട്ടറി ബെനിഫിറ്റ് എന്ന നിലയിൽ ഗ്രാറ്റുവിറ്റിയും റിട്രഞ്ച്മെന്റ് കോമ്പൻസേഷനും എല്ലാ തൊഴിലാളികൾക്കും നൽകിയിട്ടുണ്ട്. എല്ലാ തൊഴിലാളികളുടെയും പി.എഫ്. പിൻവലിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തൊഴിലാളികൾക്ക് 9 മാസത്തെ ബോണസും ലീവ് സറണ്ടർ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഉദുമ സ്പിന്നിംഗ് മിൽസിന്റെ ഉൽഘാടനം

198 (565) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസിന്റെ ഉൽഘാടനം എന്നാണ് ചെയ്തിട്ടുള്ളത് ;വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിന് നാളിതുവരെയായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത സ്ഥാപനത്തിന് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത സ്ഥാപനം വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം നടത്തുമ്പോൾ എത്ര പേർക്ക് തൊഴിൽ കിട്ടും ; നിലവിൽ ഈ സ്ഥാപനത്തിൽ എത്ര പേർ ജോലി ചെയ്യുന്നു ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ ഏജൻസി മേൽസ്ഥാപനത്തിലെ ഒഴിവുകൾ നികത്തുന്നതിന് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ എന്ത് അപാകതയാണ് കണ്ടെത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(എഫ്) മേൽസ്ഥാപനത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദനം തുടങ്ങാൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ ഉദ്ഘാടനം 2011 ജനുവരി 28 തീയതിയിലാണ് നടന്നിട്ടുള്ളത്.

(ബി) 31-3-2014 വരെ ആഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ മൊത്തം ചെലവ് 24.86 കോടി രൂപയാണ്. വായ്പകൾക്കുള്ള പലിശ 4.38 കോടി രൂപയും ചെയ്ത തീർത്ത ജോലികൾക്കും മറ്റുമായി കൊടുത്ത തീർക്കേണ്ട 3.08 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു. ഇനം തിരിച്ചുള്ള ചെലവ് താഴെപ്പറയും പ്രകാരമാണ്.

(തുക കോടി രൂപയിൽ)

കെട്ടിടങ്ങൾ	6.57
പ്ലാന്റ്, മെഷീനറി	13.30
ഇലക്ട്രിക്കൽ വർക്കുകൾ	2.04
മറ്റ് ആസ്തികൾ	0.29
പ്രിലിമിനറി, പ്രീ-ഓപ്പറേറ്റീവ് ചെലവുകൾ (പ്രാരംഭ ചെലവുകൾ)	2.66
ആകെ	24.86

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല. പദ്ധതിക്കാവശ്യമായ നിയമനങ്ങൾ, പദ്ധതിയുടെ അവശേഷിക്കുന്ന ജോലികൾ എന്നിവ പൂർത്തിയാകാത്തതിനാലാണ് വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം തുടങ്ങുവാൻ കഴിയാത്തത്.

(ഡി) പദ്ധതി പ്രകാരം 178 പേർക്ക് തൊഴിൽ നൽകുവാൻ കഴിയും. നിലവിൽ 5 പേരാണ് സ്ഥാപനത്തിൽ ജോലി ചെയ്യുന്നത്.

(ഇ) നിയമന പ്രക്രിയയുടെയും വ്യവസ്ഥകളുടെയും നിയമസാധുതയെ ചോദ്യം ചെയ്തുകൊണ്ടും നിയമന നടപടികളിൽ പങ്കെടുക്കുന്നതിന് അർഹമായ അവസരം ലഭിച്ചില്ലെന്ന് ആരോപിച്ചുകൊണ്ടും വിവിധ കേസുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ പരിഗണനയ്ക്കുവന്ന സാഹചര്യത്തിൽ സർക്കാർ കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ (കെ.എസ്.പി.സി.) മുഖാന്തരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് റദ്ദ് ചെയ്യുകയുണ്ടായി. പുതിയ നിയമന നടപടികൾ സ്വീകരിച്ച് പുതിയ റാങ്ക് ലിസ്റ്റ് റിയാബിന്റെ മേൽനോട്ടത്തിൽ ഉണ്ടാക്കണമെന്ന് വിവക്ഷിച്ചിരുന്നു. റിയാബിന്റെ മേൽനോട്ടത്തിൽ പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ നടപടി തുടങ്ങിവച്ചിരുന്നെങ്കിലും ആയത് പൂർത്തിയായിട്ടില്ല. ഇതിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(എഫ്) 2010-11 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ 16 കോടി രൂപയുടെ അടങ്കൽ തുക പ്രതീക്ഷിച്ചുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണിത്. എന്നാൽ പദ്ധതി ചെലവ് കൂടിയതിനാൽ പുതിയ അടങ്കൽ തുകയായ 21.09 കോടി രൂപയുള്ള പുതുക്കിയ ഭരണാനുമതി 23-6-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 86/2015/വ്യവ പ്രകാരം നൽകിയിട്ടുണ്ട്. പുതിയ അടങ്കൽ തുകയ്ക്കുള്ള വിശദമായ പദ്ധതി രൂപ രേഖ ഉണ്ടാക്കുന്നതിനായുള്ള നടപടികൾ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

എൽ.എൻ.ജി. പൈപ്പ് ലൈൻ പദ്ധതി

199 (566) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ നിർദ്ദിഷ്ട പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതി (എൽ.എൻ.ജി.) നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണമെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി അനന്തമായി നീളുന്നത് വല്ലാർപാടം ടെർമിനലിന്റെ വികസനത്തെ ഏതെല്ലാം തരത്തിലാണ് പ്രതികൂലമായി ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly